"ഭരണഭാഷ – മാതൃഭാഷ"

നം. WCD/E8/11268/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 09.12.2021
ഇ–മെയിൽ wcdestablishment2017@gmail.com
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം:വനിത ശിശു വികസന വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരിൽ നിന്നുമുള്ള ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിലെ നിയമനം – ഓപ്ഷൻ ക്ഷണിച്ചത് – റദ്ദ് ചെയ്ത് പുതുതായി ഓപ്ഷൻ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന:1) G.O (Ms) No. 6/2021/SJD dated: 15.02.2021

2) ഈ കാര്യാലയത്തിലെ 29.11.2021 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട വനിതാ ശിശുവികസന വകുപ്പിലെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 എന്നീ തസ്തികകളിലേക്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റ വ്യവസ്ഥകൾ താൽക്കാലികമായി നിശ്ചയിച്ച് മേൽ സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.ആയതിൻ പ്രകാരം സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് II , ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികകളിൽ നിന്നും സ്ഥാനക്കയറ്റം വഴിയും വകുപ്പിലെ ജൂനിയർ സൂപ്രണ്ട് , സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക്ക് ഓഫീസർ,ന്യൂട്രീഷണിസ്റ്റ് , പ്രീ സ്കൂൾ എഡ്യൂക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ് ,സോഷ്യോളജിസ്റ്റ് എന്നീ തസ്തികകൾ ഒരു കാറ്റഗറിയായി കണ്ട് കോമൺ സീനിയോറിറ്റി ലിസ്റ്റ് വഴിയും 11:3 എന്ന അനുപാതത്തിൽ മേൽ പറഞ്ഞിട്ടുള്ള 2 ഗ്രൂപ്പുകളിൽ നിന്നും പ്രൊമോഷൻ/ബൈട്രാൻസ്ഫർ നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഇപ്രകാരം രണ്ടാം കാറ്റഗറിക്കായി മാറ്റിവച്ചിട്ടുള്ള തസ്തികകളിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിനായി ഈ കാര്യാലയത്തിൽ നിന്നും സൂചന (2) പ്രകാരം ഓപ്ഷൻ ക്ഷണിച്ചിരുന്നെങ്കിലും ആയതിൽ സൂചന (1) പ്രകാരമുള്ള എക്സിക്യൂട്ടീവ്

ഉത്തരവിൽ നിഷ്കർഷിക്കുന്ന അനുപാതത്തിന് പകരം മുൻപ് നിലനിന്നിരുന്ന അനുപാതം ഉൾപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ സൂചന (2) പ്രകാരം പുറപ്പെടുവിച്ച പരിപത്രം ഇതിനാൽ റദ്ദ് ചെയ്തുകൊണ്ട് ചുവടെ വിവരിക്കും പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരംപുതിയ ഓപ്ഷൻ ക്ഷണിക്കുന്നു.

സൂപ്രണ്ട് ഗ്രേഡ് 1 തസ്തികയിൽ ആകെയുള്ള 14 തസ്തികകളിൽ 3 തസ്തികകളിലേക്കാണ് ജൂനിയർ സൂപ്രണ്ട് , സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക്ക് ഓഫീസർ, ന്യൂട്രീഷണിസ്റ്റ് , പ്രീ സ്കൂൾ എഡ്യൂക്കേഷനിസ്റ്റ്, ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ് ,സോഷ്യോളജിസ്റ്റ് എന്നീ 6 തസ്തികകൾ ഫീഡർ കാറ്റഗറിയായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1 / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് 1 എന്നീ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ നിയമനം ആഗ്രഹിക്കുന്ന, ജൂനിയർ സൂപ്രണ്ട് , സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക്ക് ഓഫീസർ , ന്യൂട്രീഷണിസ്റ്റ് , പ്രീ സ്കൂൾ എഡ്യൂക്കേഷനിസ്റ്റ് , ഹെൽത്ത് എഡ്യൂക്കേഷനിസ്റ്റ് ,സോഷ്യോളജിസ്റ്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നതും ഒരു വർഷത്തെ യോഗ്യമായ നിരീക്ഷണ കാലം പൂർത്തീകരിച്ചതുമായ ജീവനക്കാരിൽ നിന്നും ഓപ്ഷൻ ക്ഷണിക്കുന്നു. ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തിയാക്കിയതും എന്നാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവായിട്ടില്ലാത്തതുമായ ജീവനക്കാർ ഈ ഓപ്ഷനോടൊപ്പം പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കൂടി സമർപ്പിക്കേണ്ടതാണ്.

ബൈട്രാൻസ്ഫർ നിയമനം ലഭിക്കുവാൻ താൽപര്യമുള്ള ജീവനക്കാർ ഇതോടൊപ്പമുള്ള ഓപ്ഷൻ ബന്ധപ്പെട്ട കാര്യാലയമേധാവി മേലൊപ്പ് വച്ച് ഈ പരിപത്ര തീയതി മുതൽ 10 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ലഭിക്കാത്ത ഓപ്ഷനുകൾ സ്വീകരിക്കുന്നതല്ല.

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും

സൂപ്രണ്ട്, ഐ.റ്റി. സെക്ഷൻ

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

SK/20